### ചൈതന്യ കാർഷികമേള

# നാളികേര സെമിനാറും കോക്കനട്ട് ഒളിമ്പിക്സും

കോട്ടയം: കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനസർക്കാരിന്റെയും കൃഷിവകുപ്പിന്റെയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘ മഹോത്സവത്തിന്റെയും രണ്ടാംദിവസം നാളികേരസെമിനാറും കോക്കനട്ട് ഒളിമ്പിക്സ് മത്സരവും സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം കെ. അജിത് എം.എൽ.എ. നിർവഹിച്ചു. കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ വി.കെ.രാജു, നാളികേരവികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. രമണി ഗോപാലകൃഷ്ണൻ, മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കെ.എസ്.എസ്.എസ്. അസിസ്റ്റന്റ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ പ്രസംഗിച്ചു. തെങ്ങുകയറ്റമെഷീൻ ഉപയോഗിച്ചുള്ള കോക്കനട്ട് ഒളിമ്പിക്സ് മത്സരവും നടത്തി.

പുരുഷവിഭാഗത്തിൽ തിരക്കായി സ്വദേശി ടോമി ജോസഫ്, ചാമക്കാല സ്വദേശി ആനന്ദ് ജോൺ, ദീപക് എന്നിവരും വനിതാ വിഭാഗത്തിൽ മണിമല സ്വദേശി ബിജി തോമസ്, വെള്ളൂർ സ്വദേശിയായ സ്റ്റീഫൻ, ഉഴവൂർ സ്വദേശി ലില്ലി തോമസ് എന്നിവരും വിജയികളായി.



ചൈതന്യ കാർഷികമേളയുടെ ഭാഗമായി തെള്ളകത്തു നടന്ന തെങ്ങുകയറ്റമത്സരത്തിൽനിന്ന്